**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4289** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഓട്ടോമേറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ എ.എൻ.പി.ആർ. (ആട്ടോമേറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) ക്യാമറകൾ സ്ഥാപിക്കാൻ ഏത് സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ പ്രധാന അന്തർ സംസ്ഥാന പാതകളിൽ ചരക്ക് നീക്കം മനസ്സിലാക്കുന്നതിനും ഈ വേ ബിൽ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകൾക്ക് ബദൽ സംവിധാനം ആയിട്ടുമാണ് എ എൻ പി ആർ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത ക്യാമറ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനായി ടെൻഡർ നടപടി ക്രമങ്ങൾ വിജയിച്ച ഊരാളുങ്കൽ ടെക്നോളജി സൊല്യൂഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ടെൻഡർ നടപടികളിലൂടെയാണോ പ്രസ്തുത സ്ഥാപനത്തെ തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടെൻഡർ നടപടികളുടെ വിശദാംശം നൽകാമോ? | (ബി) | എ എൻ പി ആർ ക്യാമറകൾ സ്ഥാപിക്കുന്നതിനായി 2018 ൽ ഇത്തരം ക്യാമറകൾ സ്ഥാപിച്ചു പരിചയം ഉള്ള സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിക്കുകയുണ്ടായി. ടെൻഡർ നടപടികളുടെ ഒന്നാം ഘട്ടത്തിൽ പ്രവർത്തി പരിചയത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു സ്ഥാപനങ്ങൾ യോഗ്യത നേടി. രണ്ടാം ഘട്ടത്തിൽ വാളയാറിൽ വകുപ്പ് മുൻപ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള ഇടങ്ങളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചു നിശ്ചിത സമയത്തേക്ക് പകലും രാത്രിയുമായി സഞ്ചരിക്കുന്ന വാഹനങ്ങളെ തൽസമയം ക്യാമറയിലൂടെ നിരീക്ഷിച്ച് ടെൻഡറിൽ ആവശ്യപ്പെട്ട കൃത്യത ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടായിരുന്നു.ഈ രണ്ട് ഘട്ടങ്ങളിലും വിജയിച്ച സ്ഥാപനത്തെ തിരഞ്ഞെടുത്ത് പ്രസ്തുത കരാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ